**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** **31-01-2024 - ല്‍ മറുപടിയ്ക്ക്**

**മാവേലിക്കര പ്രായിക്കര അച്ചന്‍കോവിലാര്‍ തീരം റോഡ് നിര്‍മ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുണ്‍ കുമാര്‍ | | ശ്രീ സജി ചെറിയാന്‍<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മുന്‍സിപ്പാലിറ്റിയിലെ പ്രായിക്കര അച്ചന്‍കോവിലാര്‍ തീരം റോഡ് നിര്‍മ്മാണത്തിന് തുക അനുവദിച്ചിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാന്‍ കഴിഞ്ഞിട്ടില്ല എന്നുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് 76 ലക്ഷം രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് കരാറുകാരനായ ശ്രീ. ഷാനറ്റ് എ. ജോര്‍ജ്ജ്, അരങ്ങത്ത് ഹൗസ്, തെള്ളകം പി.ഒ, കോട്ടയം എന്നയാളുമായി കരാറിലേര്‍പ്പെടുകയും 21.12.2020 ല്‍ സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. എന്നാല്‍ ടി പ്രവൃത്തി കരാറുകാരന്‍ ആരംഭിച്ചിരുന്നില്ല. തുടര്‍ന്ന് കരാറുകാരന്റെ അപേക്ഷയിന്മേല്‍ 31.12.2021 വരെ കരാര്‍ കാലാവധി പിഴയോടുകൂടി ദീര്‍ഘിപ്പിച്ചു നല്‍കിയിട്ടുള്ളതുമാണ്. പ്രവൃത്തി തുടര്‍ന്നും ആരംഭിക്കുന്നതിന് ടിയാന്‍ തയ്യാറാകാതിരുന്നതിനാല്‍ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തില്‍ പ്രവൃത്തി പുനര്‍ ക്രമീകരിയ്ക്കുന്നതിനായി പുനര്‍ ദര്‍ഘാസുകള്‍ ക്ഷണിച്ചതില്‍ ആരും തന്നെ പങ്കെടുത്തില്ല. മേല്‍ പ്രവൃത്തിയ്ക്ക് നല്ല പ്രചരണം നല്‍കി കുറഞ്ഞ സമയപരിധിയോടെ ഒരിക്കല്‍ കൂടി പുന:ദര്‍ഘാസ് ക്ഷണിക്കുന്നതാണ്. ഈ പുനര്‍ ദര്‍ഘാസിലും ആരും പങ്കെടുത്തില്ലെങ്കില്‍ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് 76 ലക്ഷം രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് കരാറുകാരനായ ശ്രീ. ഷാനറ്റ് എ. ജോര്‍ജ്ജ്, അരങ്ങത്ത് ഹൗസ്, തെള്ളകം പി.ഒ, കോട്ടയം എന്നയാളുമായി കരാറിലേര്‍പ്പെടുകയും 21.12.2020 ല്‍ സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. എന്നാല്‍ ടി പ്രവൃത്തി കരാറുകാരന്‍ ആരംഭിച്ചിരുന്നില്ല. തുടര്‍ന്ന് കരാറുകാരന്റെ അപേക്ഷയിന്മേല്‍ 31.12.2021 വരെ കരാര്‍ കാലാവധി പിഴയോടുകൂടി ദീര്‍ഘിപ്പിച്ചു |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതുമാണ്. പ്രവൃത്തി തുടർന്നും ആരംഭിക്കുന്നതിന് ടിയാൻ തയ്യാറാകാതിരുന്നതിനാൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുനർ ക്രമീകരിയ്ക്കുന്നതിനായി പുനർ ദർഘാസുകൾ ക്ഷണിച്ചതിൽ ആരും തന്നെ പങ്കെടുത്തില്ല. മേൽ പ്രവൃത്തിയ്ക്ക് നല്ല പ്രചരണം നൽകി കുറഞ്ഞ സമയപരിധിയോടെ ഒരിക്കൽ കൂടി പുന:ദർഘാസ് ക്ഷണിക്കുന്നതാണ്. ഈ പുനർ ദർഘാസിലും ആരും പങ്കെടുത്തില്ലെങ്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ